പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2224

26.03.2013-ൽ മറുപടിക്ക്

ഗൃഹശ്രീ പദ്ധതിയുടെ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർദ്ധനർക്ക് വീട് വയ്ക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഗൃഹശ്രീ എന്ന പദ്ധതി നിലവിലുണ്ടോ; ഇതുപ്രകാരം എത്ര രൂപയാണ് സബ്സിഡിയായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2 സെന്റ് /3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1.8 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) ഗൃഹശ്രീ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) ഗൃഹശ്രീ പദ്ധതി അംഗീകാരത്തിനായി വിശദമായ പരിശോധനയിലാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ